(ഡി) പശ്ചാത്തല സൗകര്യ വികസനത്തിന് സർക്കാർ പ്രാമുഖ്യം നൽകി വരുന്നുണ്ട്. 2010-11 വാർഷിക പദ്ധതിയിൽ വിവിധ പശ്ചാത്തല സൗകര്യ വികസന മേഖലകളായ വൈദ്യുതിക്ക് 1047 കോടിരൂപയും തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ, കപ്പൽ ഗതാഗതം എന്നിവയ്ക്ക് 170.81 കോടിരൂപയും റോഡുകൾ, പാലങ്ങൾ എന്നിവയ്ക്ക് 540.14 കോടിരൂപയും റോഡ് ഗതാഗതത്തിന് 48.19 കോടി രൂപയും ജലഗതാഗതത്തിന് 114.33 കോടിരൂപയും മറ്റ് ഗതാഗത സർവ്വീസുകൾക്ക് 1 കോടിരൂപയും കെട്ടിട നിർമ്മാണത്തിന് 24.73 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ പദ്ധതിയേതരയിനത്തിൽ 1772 കോടിരൂപയും പശ്ചാത്തല മേഖലയ്ക്കായി നീക്കിവെച്ചിട്ടുണ്ട്.

സംസ്ഥാന ധനവിനിയോഗ കണക്കനുസരിച്ചുള്ള അസൽ ഗ്രാന്റ്

183 (4517) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-2009 സാമ്പത്തിക വർഷം സംസ്ഥാന ധനവിനിയോഗ കണക്കനുസരിച്ച് അസൽ ഗ്രാന്റായും സപ്ലിമെന്ററി ഗ്രാന്റായും മൊത്തം എത്ര രൂപ വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ സർക്കാരിന്റെ ധനവിനിയോഗ കണക്കനുസരിച്ച് എത്ര രൂപ ചെലവ് ചെയ്തു ; എത്ര രൂപ മിച്ചമുണ്ടായിട്ടുണ്ട് ;

(സി) പ്രസ്തുത സാമ്പത്തിക വർഷം ഭരണഘടനയുടെ 205-ാം അനുച്ഛേദം അനുസരിച്ച് അധിക ചെലവുകൾ ക്രമീകരിച്ചോ ;

(ഡി) ഇതിൽ എത്ര കേസുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനത്തെ രണ്ട് പ്രവൃത്തി ദിവസങ്ങളിലായി ചെലവഴിച്ചു ;

(ഇ) ഗ്രാന്റുകളിലും ധനവിനിയോഗങ്ങളിലും ഉണ്ടായിരുന്ന എത്ര കോടി രൂപയുടെ മിച്ചം തിരിച്ചടച്ചില്ലായെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇത് സംബന്ധിച്ച് എന്തെങ്കിലും പുനഃധനവിനിയോഗം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ;

(ജി) ഇത് സംബന്ധിച്ച് സി & എ.ജി. എന്തെങ്കിലും കണ്ടെത്തലുകളും ശുപാർശകളും നടത്തിയിട്ടുണ്ടോ ;

(എച്ച്) എങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008-2009 സാമ്പത്തിക വർഷം സംസ്ഥാന ധനവിനിയോഗ കണക്കനുസരിച്ച് അസൽ ഗ്രാന്റായ 41409.83 കോടിരൂപയും സപ്ലിമെന്ററി ഗ്രാന്റായ 3186.36 കോടിരൂപയും ചേർന്ന് മൊത്തം 44596.19 കോടിരൂപ വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സർക്കാരിന്റെ ധനവിനിയോഗ കണക്കനുസരിച്ച് 36877.37 കോടി രൂപ ചെലവ് ചെയ്തു. 7718.82 കോടി രൂപ മിച്ചമുണ്ടായിട്ടുണ്ട്.

(സി) ഇല്ല. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക ചെലവുകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സാമ്പത്തിക വർഷത്തിന്റെ അവസാനത്തെ രണ്ട് പ്രവൃത്തി ദിവസങ്ങളിൽ എത്ര കേസുകൾക്കായി തുക ചെലവഴിച്ചു എന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) വിവിധ ഗ്രാന്റുകളിലും ധനവിനിയോഗങ്ങളിലുമായി സറണ്ടർ ചെയ്യാത്തതായി 1078.83 കോടി രൂപ ഉണ്ട്.

(എഫ്) ഇല്ല.

(ജി) ഉണ്ട്.

(എച്ച്) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ധനവിനിയോഗ നിയന്ത്രണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സി & എ.ജി. ശുപാർശ ചെയ്തിട്ടുണ്ട്. ധന പുനർവിനിയോഗം, സറണ്ടർ എന്നിവ സംബന്ധിച്ച ഉത്തരവുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനം പുറപ്പെടുവിക്കുന്ന രീതി ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ

164 (4518) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടെ സ്റ്റിമുലസ് പദ്ധതി, മലബാർ പാക്കേജ് എന്നീ പദ്ധതികളിൽ പാലക്കാട് ജില്ലയിൽ ഓരോ നിയോജകമണ്ഡലത്തിൽ അനുവദിച്ച വർക്കുകളുടെ പേരും തുകയും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർക്കുകൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

എം.എൽ.എ.മാർക്ക് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട്

165 (4519) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി നിക്ഷേപങ്ങൾ ആകർഷിക്കുന്ന എം.എൽ.എ. മാർക്ക് നിക്ഷേപത്തുകയ്ക്ക് ആനുപാതികമായി വികസനപ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly